# അടിമത്തത്തിന്റെ ചരിത്രം ഔദ്യോഗികരേഖയിലും നോവലിലും

ഡോ. ജിസ ജോസ്,
അസോസിയേറ്റ് പ്രൊഫസർ, മലയാളവിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, കണ്ണൂർ

**സംഗ്രഹം**

അടിമത്തവ്യവസ്ഥയും അതിന്റെ ചരിത്രവും വില്യം ലോഗന്റെ 'മലബാർ മാന്വൽ', കെ. ജെ ബേബിയുടെ ' ഗുഡ്ബൈ മലബാർ ' എന്നിവ മുൻനിർത്തി പഠനവിധേയമാക്കുന്നു. മലബാറിന്റെ ചരിത്രവും ഭരണവും നികുതിഘടനയും രേഖപ്പെടുത്തുന്ന ഔദ്യോഗികരചനയായിരുന്നു വില്യം ലോഗൻ നടത്തിയത്. അടിമത്തത്തെക്കുറിച്ചും കീഴാളജീവിതത്തെക്കുറിച്ചും അലിവോടെയും മനുഷ്യത്വത്തോടെയാണു മലബാർമാന്വൽ സംസാരിക്കുന്നത്. അടിമത്തത്തിന്റെ ഇരകളാകേണ്ടിവന്ന സാധാരണജനതയോടുള്ള ലോഗന്റെയും പത്നി ആനിയുടെയും സഹാനുഭൂതി കലർന്ന മനോഭാവമാണ് ഗുഡ് ബൈ മലബാറിന്റെ കാതൽ. ചരിത്രപാഠത്തിൽ നിന്ന്, ഔദ്യോഗികാഖ്യാനങ്ങളിൽ നിന്ന് സാമൂഹികയാഥാർത്ഥ്യങ്ങളെയും സംസ്കാരത്തെയും ജീവിതത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഗുഡ് ബൈ മലബാർ നടത്തുന്നത്.

**താക്കോൽ വാക്കുകൾ**: അടിമത്തം, മൂലധനം, ചൂഷണം

"തമിഴ്നാട്ടിൽ നിന്നുള്ള അടിമകളുടെ ഇറക്കുമതിയെപ്പറ്റി ബർബോസ, ഏതെങ്കിലും കൊല്ലം മഴയില്ലെങ്കിൽ പാണ്ടിയിൽ പലരും ക്ഷാമം കൊണ്ടു മരിക്കും. ആ അവസരത്തിൽ ചിലർ രണ്ടോ മൂന്നോ പണത്തിനു സ്വന്തം കുഞ്ഞുങ്ങളെ വില്ക്കും. അക്കാലത്ത് മലബാറിൽ നിന്ന് അരിയും തേങ്ങയും കൊടുത്ത് പകരം കപ്പൽ നിറയെ അടിമകളെ കൊണ്ടുവരുന്നു. " (വേലായുധൻ പണിക്കശ്ശേരി: പുറം: 256)

കേരളത്തിൽ നിലവിലിരുന്ന അടിമത്തത്തെക്കുറിച്ച് പതിനാറാംനൂറ്റാണ്ടിൽ ഇവിടെയെത്തിയ സഞ്ചാരിയായ ബർബോസയുടെ A Description of the Coasts of East Africa and Malabar എന്ന പുസ്തകത്തിലുള്ളതാണ് ഈ പരാമർശം. പുലപ്പേടി, മണ്ണാപ്പേടി എന്നിവയെക്കുറിച്ച ആദ്യമായി രേഖപ്പെടുത്തിയ വിദേശസഞ്ചാരിയും ബർബോസയാണ്. ഇത്തരമൊരാചാരത്തിനു അടിമത്തവുമായി നേരിട്ടു തന്നെ ബന്ധമുണ്ടെന്നു ചേലനാട്ടു അച്യുതമേനോൻ നിരീക്ഷിക്കുന്നുണ്ട്.

“സവർണ്ണഹിന്ദുക്കൾ മുഴുവൻ അവർണരുടെ പ്രയത്നം കൊണ്ടാണ് ജീവിച്ചിരുന്നത്. ഈഴവരും പുലയർ, ചെറുമർ മുതലായ അടിമവർഗ്ഗക്കാരും മാത്രമേ ഭൂമിയിൽ അദ്ധ്വാനിച്ചിരുന്നുള്ളൂ. അതുകൊണ്ട് അടിമകളുടെ സംഖ്യ വർദ്ധിപ്പിക്കേണ്ടത് രാജ്യത്തിന്റെ ഒരാവശ്യമായിരുന്നു. പോർട്ടുഗീസുകാർ പാണ്ടിനാട്ടിലും ജാവയിലും ശ്രീലങ്കയിലും മറ്റും നിന്ന് ധാരാളമായി അടിമകളെ കൊണ്ടുവന്ന് വിറ്റു തുടങ്ങിയതിനു ശേഷമാണ് അടിമകളുടെ കുറവ് ഇവിടെ ഇല്ലാതായത്. ”(പുറം: 256 ) അടിമത്തവ്യവസ്ഥിതി അക്കാലത്തു കേരളത്തിൽ വ്യാപകമായിരുന്നുവെന്നും അടിമകളുടെ സംഖ്യ വർദ്ധിപ്പിക്കാനുതകുന്ന വിചിത്രവും മനുഷ്യത്വവിരുദ്ധവുമായ ആചാരങ്ങൾ സുലഭമായിരുന്നുവെന്നും എന്നിട്ടും ആവശ്യത്തിന് അടിമകൾ ലഭ്യമല്ലാതാകുമ്പോൾ ഇറക്കുമതി ചെയ്തിരുന്നുവെന്നും ഇത്തരം പരാമർശങ്ങളിലൂടെ മനസിലാക്കാനാവുന്നു.

അടിമത്തം (slavery) ബി . സി 1760 മുതൽ ലോകമെങ്ങും നിലനിന്നിരുന്നുവെന്നു സ്ഥാപിക്കാനുതകുന്ന തെളിവുകളുണ്ട്. മനുഷ്യരെ ചരക്കായി/വസ്തുവായി മാത്രം പരിഗണിക്കുക, ഭീഷണി കൊണ്ടോ, ശാരീരികപീഡനം കൊണ്ടോ അവന്റെ/അവളുടെ അദ്ധ്വാനവും സേവനവും ഉപയോഗിക്കുക, ചെയ്യുന്ന വേലകൾക്ക് പകരമായി പരിമിതമായ ഭക്ഷണവും നാമമാത്രമായ പാർപ്പിടസൗകര്യങ്ങളും മാത്രം നൽകുക, സേവനത്തിന് അർഹമായ വേതനം നൽകാതിരിക്കുക, ഒരിക്കലും ഉടമയെ വിട്ടു പോകാനാകാത്ത വിധം അവനെ/അവളെ കുരുക്കിയിടുക, ഉടമയുടെ കൈവശചരക്കായതു കൊണ്ട് യഥേഷ്ടം വിൽക്കാനോ കൈമാറ്റം ചെയ്യാനോ പണയപ്പെടുത്താനോ സാധ്യമാവുക തുടങ്ങി അടിമത്തവ്യവസ്ഥിതിയുടെ ഇരകളനുഭവിക്കേണ്ടിവരുന്ന ദുരിതങ്ങൾക്കും മനുഷ്യാവകാശ നിഷേധങ്ങൾക്കും എല്ലാ ലോകസംസ്കാരങ്ങളിലും ഏറെക്കുറെ ഒരേ സ്വഭാവമാണെന്നു കാണാം. ഉടമയുടേതിൽ നിന്ന് വ്യത്യസ്തമായ നിറം, വംശം, പാരമ്പര്യം, ദേശീയത ഇതൊക്കെക്കൊണ്ട് അടിമ അവന്റെ കീഴാളമായ സ്വത്വത്തെ സ്വയം അടയാളപ്പെടുത്തിക്കൊണ്ടേയിരിക്കണം.

ഉടമകളോട് സമഗ്രവും അസന്ദിഗ്ദ്ധവുമായ പ്രതിബദ്ധതയാണ് അടിമകളുടെ ലക്ഷണം. ഉയർന്ന സാമ്പത്തിക പദവി, ഉന്നതപാരമ്പര്യം, ശ്രേഷ്ഠജാതി ഇങ്ങനെയുള്ള ആനുകൂല്യങ്ങളിലൂടെയാണ് ഉടമ എന്ന സാമൂഹികാസ്തിത്വം ഒരാൾക്കു ലഭിക്കുന്നത്. സ്വാഭാവികമായും ഇവയുടെ അഭാവം തന്നെയാണ് അടിമയെ അല്ലെങ്കിൽ അടിമത്തത്തെ സൃഷ്ടിക്കുന്നതും.

സംഘർഷഭരിതമാകുമായിരുന്ന ഒരു സാമൂഹ്യവ്യവസ്ഥയെ മയപ്പെടുത്താനും അതിനെ പ്രത്യേക അവകാശങ്ങളുടെ ആനുകൂല്യങ്ങളനുഭവിക്കുന്ന ഉപരിവർഗ്ഗത്തിനനുകൂലമാക്കി നിലനിർത്താനും കഴിയുന്ന രീതിയിലായിരിക്കും എല്ലായ്പ്പോഴും സമൂഹത്തിന്റെ ഘടന . പ്രതിരോധങ്ങളെ അതെപ്പോഴും നിശബ്ദമാക്കുന്നു. പ്രതീകാത്മക മൂലധനം എന്നു പിൽക്കാലത്തു പിയറി ബോർദ്യ നിരീക്ഷിക്കുന്ന ആശയകല്പന കൊണ്ട് അടിമത്തവ്യവസ്ഥ നിലനിന്നിരുന്ന പരമ്പരാഗതസമൂഹത്തെ വിലയിരുത്താനാവും. സാമ്പത്തികവും പ്രതീകാത്മകവുമായ മൂലധനങ്ങളുടെ അവകാശികളായിരുന്നതുകൊണ്ട് അടിമത്തസമ്പ്രദായത്തെ നൂറ്റാണ്ടുകളോളം സ്വാഭാവിക സാമൂഹികനീതിയായി നിലനിർത്താനും സംരക്ഷിക്കാനും ഉപരിവർഗത്തിനു കഴിയുന്നു. എല്ലാ സംസ്കാരങ്ങളിലും അടിമകളെ സുലഭമായി കാണാൻ കഴിയുന്നതും അതുകൊണ്ടാണ്. ക്ലേശകരമായ തൊഴിലുകൾ ചെയ്യാൻ നിശ്ശബ്ദരായ തൊഴിലാളിവൃന്ദത്തെ എല്ലാക്കാലത്തും ആവശ്യമായിരുന്നു. അവകാശങ്ങളും ആനുകൂല്യങ്ങൾക്കും അർഹതയില്ലാത്ത അവരെ ചവിട്ടിമെതിക്കുന്നതിനും കൂടുതൽ ചൂഷണം ചെയ്യുന്നതിനും അടിമത്ത സമ്പ്രദായം സഹായകരമായി.

കീഴാളർ, അടിയാളർ തുടങ്ങിയ പദങ്ങൾ ജാതീയമായ അധഃകൃതാവസ്ഥയെ സൂചിപ്പിക്കുന്ന പദങ്ങളും സമാനാർത്ഥത്തിൽ പ്രയോഗിക്കുന്നവയുമാണ് മലയാളത്തിൽ . തൊട്ടുകൂടാത്ത അയിത്തജാതിക്കാരും കാർഷിക അടിമകളായ അടിയാളരും കീഴാളർ എന്ന പദം കൊണ്ട് വിവക്ഷിക്കപ്പെടുകയും ജാതിപരമായ വിവേചനങ്ങളിലും നിന്ദകളിലും അയിത്താചാരങ്ങളിലും മാത്രമൂന്നി കേരളത്തിലെ കീഴാളചരിത്രം രേഖപ്പെടുത്തപ്പെടുകയും ചെയ്തു. അടിമ/അടിയാൻ എന്ന പദത്തിൽ നിന്നു രൂപപ്പെട്ട അടിയാളർ അനുഭവിച്ചിരുന്ന ഇരട്ട ചൂഷണങ്ങളും മനുഷ്യാവകാശ നിഷേധങ്ങളും വെളിച്ചപ്പെടാതിരിക്കാനുള്ള കാരണവും ഇതായിരിക്കാം. അടിയാളരും കീഴാളജാതിയിലുൾപ്പെട്ടവർ തന്നെയായിരുന്നു. പക്ഷേ അവരുടെ സാമൂഹികാവസ്ഥ മറ്റു കീഴാളജാതികളിൽ നിന്നു വ്യത്യസ്തമായിരുന്നു എന്നതു വേർതിരിച്ചറിയപ്പെടാതെ പോയി. അടിമത്തത്തിന്റെ സാമൂഹ്യാനുഭവങ്ങളെക്കുറിച്ച് ചരിത്രം ബോധപൂർവ്വമായ മൗനം പുലർത്തുകയും ചെയ്തു.

അടിമത്തവ്യവസ്ഥിതിയെക്കുറിച്ചുള്ള വ്യക്തമായ പരാമർശങ്ങൾ ആദ്യമായി കണ്ടെത്താനാവുന്നത് എ. ഡി 849-ൽ കേരളത്തിലുണ്ടായ തരിസാപ്പള്ളിശാസനത്തിലാണ്. അടിമകളെ കൈവശം വെക്കുന്നതിന് ഉടമ നൽകേണ്ട നികുതിയായ അടിമക്കാശിനെക്കുറിച്ചു പറയുന്ന ധാരാളം ചരിത്രരേഖകളുമുണ്ട്. കുറ്റവാളികളെ അടിമകളാക്കി വിൽക്കുക അക്കാലത്തെ ശിക്ഷാസമ്പ്രദായങ്ങളിലൊന്നായിരുന്നു.

തിരുനക്കര, കൊച്ചി, ആറ്റിങ്ങൽ, കോവളം, കണിയാപുരം തുടങ്ങി ധാരാളം അടിമച്ചന്തകൾ കേരളത്തിലുണ്ടായിരുന്നു. ജന്മനാൽ അടിമകളായവർ, സമുദായഭ്രഷ്ട കൊണ്ടോ കുറ്റകൃത്യങ്ങളിലേർപ്പെട്ടതിനു ശിക്ഷയായോ അടിമകളായവർ, വില കൊടുത്തുവാങ്ങുന്ന അടിമകൾ തുടങ്ങി പലവിധം അടിമകളുണ്ടായിരുന്നു. സർക്കാർ ഉടമസ്ഥതയിലുള്ള അടിമകളെക്കുറിച്ചു മനസിലാക്കാൻ സഹായിക്കുന്ന ഗ്രന്ഥങ്ങളുമുണ്ട് . പോർട്ടുഗീസ്, ഡച്ച്, ഫ്രഞ്ചുകമ്പനികൾ കേരളത്തിൽ നിന്ന് അടിമകളെ കയറ്റുമതി ചെയ്യുകയും അതൊരു പ്രധാന വരുമാനമാർഗ്ഗമായി കാണുകയും ചെയ്തിരുന്നുവത്രേ. ആഫ്രിക്കൻ അടിമകളെ വിരളമായി കേരളത്തിലേക്ക് ഇറക്കുമതി ചെയ്യുകയുമുണ്ടായി. കൊച്ചിരാജ്യചരിത്രത്തിൽ പത്മനാഭമേനോൻ പുലയരെ,ഉടമസ്ഥർ സ്ഥാവരജംഗമ സ്വത്തുക്കളെപ്പോലെ ക്രയവിക്രയം ചെയ്യുന്നതിന് ഒരു തടസ്സവുമുണ്ടായിരുന്നില്ലെന്നും അവരെ കൊന്നുകളയുന്നതിനു പോലും ഉടമയ്ക്ക് അവകാശമുണ്ടെന്നും രേഖപ്പെടുത്തിയിരിക്കുന്നു. വാർഡും കോണറും ചേർന്നു 1816-20 കാലഘട്ടത്തിൽ നടത്തിയ തിരുവിതാംകൂർ, കൊച്ചി സർവ്വേരേഖകളിൽ ഇങ്ങനെ കാണുന്നു

> “അവരുടെ (പുലയരുടെ ) പേര് അറപ്പും വെറുപ്പുമുളവാക്കുന്ന എല്ലാറ്റിന്റെയും പര്യായമാണ്. പ്ലേഗുരോഗത്തെ എന്ന പോലെ വർജ്ജിക്കപ്പെടുന്ന അവരുടെ സാന്നിദ്ധ്യം ഉന്നതജാതികളിൽ ഭീതിയും ധർമ്മരോഷവുമുണ്ടാക്കുന്നു. എരുമകളോടുകൂടി ഒരേ അടിമത്തം വെച്ചുകൊണ്ടിരിക്കുന്ന ഇക്കൂട്ടർ പദവിയിൽ ആ കന്നുകാലികളെക്കാൾ എത്രയോ താഴെയാണ്. അവരുടെ മാർക്കറ്റുവില ആ കന്നുകാലികളുടേതിനെക്കാൾ അത്ര കൂടുതലുമല്ല. ”(പി. കെ. ബാലകൃഷ്ണൻ: 2010: 173)

ഇതുവരെ രേഖപ്പെടുത്തപ്പെടാത്തതും പക്ഷേ അനിവാര്യവുമായ ഒരു ബദൽ ചരിത്രരചനയ്ക്കുതകുന്ന ഉപാദാനസാമഗ്രികൾ ഭൂതകാലത്തിൽ നിന്നു ലഭ്യമാണെങ്കിലും കേരളത്തിലെ അടിയാളരുടെ അല്ലെങ്കിൽ അടിമകളുടെ ചരിത്രം അദൃശ്യമോ അപ്രസക്തമോ ആയിത്തുടരാനുള്ള കാരണത്തെക്കുറിച്ച്

നിരവധി നിരീക്ഷണങ്ങളുണ്ടായിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട വർഗ്ഗത്തിന്റെ അനുഭവങ്ങൾ, അതിനോടുള്ള പ്രതികരണങ്ങൾ എന്ന നിലയിലും അടിയാളരുടെ ജീവിതം എഴുതപ്പെട്ടത് വളരെക്കുറച്ചു മാത്രമാണ്. അധികാരിവർഗ്ഗത്തിന്റെ താല്പര്യങ്ങൾക്കനുസൃതമായി രേഖപ്പെടുത്തിയ അടിയാളചരിത്രങ്ങളാണ് ലഭ്യമായവയിലേറെയും. കേരളത്തിലെ അടിമജാതിക്കാരുടെ അദൃശ്യതയുടെ കാരണം ചരിത്രമില്ലായ്കയാണെന്ന് Modernity of Slavery എന്ന ഗ്രന്ഥത്തിൽ സനൽ മോഹൻ പറയുന്നത് ഈ പശ്ചാത്തലത്തിലാണ്. ചരിത്രം ഇല്ലാതിരിക്കുക എന്നത് ഒരു ജനതയെ സംബന്ധിച്ച് അവരുടെ അസ്തിത്വത്തെത്തന്നെ ദുർബലപ്പെടുത്തുന്ന കാര്യമാണ്.

ഭൂതകാല ജീവിതം, അനുഭവങ്ങൾ, ഓർമകൾ, ഇവയൊക്കെ സഞ്ചയിക്കുകയും അത് വരുംകാലത്തേക്കുവേണ്ടി സൂക്ഷിക്കുകയും ചെയ്യുകയെന്നത് അടിയാളരുടെ ജീവിതസാഹചര്യങ്ങളിൽ ഒട്ടും എളുപ്പമായിരുന്നില്ല. അവർക്കുവേണ്ടി മറ്റുള്ളവർ ചരിത്രങ്ങളുണ്ടാക്കി. സ്വാഭാവികമായും അതിൽ അടിയാളരുടെ അനുഭവങ്ങളുടെ തലം ഉണ്ടായിരുന്നതുമില്ല.

“ചരിത്രരചനയുടെ പതിവുപകരണങ്ങൾക്ക്, പ്രത്യേകിച്ച് വലിയ പ്രതിഭാസങ്ങളെ മാത്രം കൈകാര്യം ചെയ്തുവന്നിരുന്ന രീതി ശാസ്ത്രമാതൃകകൾക്ക് ഒരിക്കലും അടിമക്കച്ചവടം എന്ന സാമ്പത്തികവ്യവഹാരത്തെ കേരളരൂപീകരണ ചരിത്രത്തിന്റെ ഭാഗമായി കാണാൻ കഴിഞ്ഞിരുന്നില്ല. സ്വാതന്ത്ര്യാനന്തരം ഇന്ത്യൻ സാമൂഹികശാസ്ത്രമേഖലയിൽ കൂടുതൽ സ്വാധീനം ചെലുത്തിയ മാർക്സിയൻ ചരിത്രരചനകൾ അടിമത്തം, ഇന്ത്യൻ ഫ്യൂഡലിസം, തുടങ്ങിയവയുടെ മേൽ നീണ്ടസംവാദം നടത്തുകയും അടിമത്തവ്യവസ്ഥിതിയെ ജാതിസമൂഹത്തിന്റെ പ്രാരംഭദശയിൽ പോലും കാണാൻ സാധിക്കുന്നില്ല എന്നു വാദിച്ചുറപ്പിക്കുകയും ചെയ്തു. പ്രബലമായ മറ്റു ചരിത്രരചനാസ്കൂളുകളും അടിമത്തം എന്ന സാമൂഹികവ്യവസ്ഥിതിയെ നിഷേധിക്കുകയും അതിനുപകരം കേവലമായ ജാതിക്രമത്തിന് ഊന്നൽ നൽകുകയും ചെയ്തു. ” (വിനിൽ പോൾ: 2020: 178) കേരളചരിത്രരചനയിൽ ആധിപത്യം പുലർത്തിയിരുന്ന ഇടതുപക്ഷചരിത്രകാരന്മാർ സാമ്പത്തികാധിഷ്ഠിതമായി രൂപംകൊണ്ട അടിമത്തസമ്പ്രദായം കേരളത്തിലില്ലായിരുന്നുവെന്നും അടിമത്തത്തിന്റെ അംശങ്ങൾ ഉൾച്ചേർന്ന അടിയാളത്തം, അടിയായ്മ എന്ന സാമൂഹികക്രമമായിരുന്നുവെന്നും ഈ അടിയാളരെ അടിമകളായി കാണാൻ കഴിയില്ലെന്നും വാദിച്ചതിനെക്കുറിച്ചും വിനിൽ പോൾ നിരീക്ഷിക്കുന്നുണ്ട്. അടിമത്തവ്യവസ്ഥിതിക്ക് ചരിത്രപരമായ സാധൂകരണങ്ങളില്ല, അവർ ഇറക്കുമതി

ചെയ്യപ്പെട്ടവരോ മറ്റൊരു ഭാഷ സംസാരിക്കുന്നവരോ അല്ല, കാലങ്ങളായി നിലനിന്നിരുന്ന അടിയായ്മ എന്ന സാമൂഹികക്രമത്തെ യൂറോപ്യന്മാരാണ് തെറ്റായി അടിമത്തം എന്നു വിളിച്ചതും രേഖപ്പെടുത്തിയതെന്നുമാണ് മലയാളത്തിലെ ഇടതുപക്ഷചരിത്രരചനാ സ്കൂളുകളുടെ വാദം.

സങ്കീർണമായ ജാതിവ്യവസ്ഥ നിലനിൽക്കുന്ന സമൂഹത്തിൽ, ജാതീയമായ ശ്രേണീകരണങ്ങളല്ലാതെ അടിമത്തം ഉണ്ടാകാനുള്ള സാഹചര്യങ്ങളില്ലെന്ന അവരുടെ നിഗമനം ആധികാരികമായി സ്വീകരിക്കപ്പെടുകയും കേരളത്തിലെ അടിയാളർ ചരിത്രമില്ലാത്തവരാകുകയും തൽഫലമായി കൂടുതൽ അടിമകളാവുകയും ചെയ്തതായാണ് കാണുന്നത്.

അടിയായ്മ എന്ന സാമൂഹികക്രമത്തെ അടിമത്തം എന്നു വ്യവഹരിച്ചത് യൂറോപ്യന്മാരാണ് എന്ന നിരീക്ഷണമാണ് പൊതുവേ ചരിത്രകാരന്മാർ പിന്തുടർന്നതെങ്കിലും, കേരളത്തിൽ അടിമത്തവും അടിമക്കച്ചവടവുമെല്ലാം നിലനിന്നിരുന്നുവെന്നതിന് സുലഭമായ തെളിവുകളുണ്ട്. യൂറോപ്യന്മാർ മനുഷ്യത്വരഹിതമായ അടിമത്തത്തിന്റെ ക്രൂരതകൾ രേഖപ്പെടുത്തുകയും പൊതുശ്രദ്ധയിലേക്ക് കൊണ്ടുവരികയും ചെയ്തവരാണ്. അവരുടെ സർവ്വേകൾ, പഠനങ്ങൾ, അക്കാലത്തെ സെൻസസ് ഇവയെല്ലാം അടിയാളചരിത്രത്തിന്റെ രേഖകളായിത്തന്നെ കണക്കിലെടുക്കേണ്ടതുമാണ്. പിൽക്കാലത്ത് തമസ്കരിക്കപ്പെട്ടു പോയ അടിയാളചരിത്രത്തിന്റെ വസ്തുതാപരമായ കണക്കുകളും അവരുടെ ജീവിതാവസ്ഥകളുടെ യഥാതഥമായ ചിത്രീകരണവും ഈ രേഖകളിൽ കണ്ടെത്താം. അക്കൂട്ടത്തിൽ പ്രാധാന്യമർഹിക്കുന്ന ഗ്രന്ഥമാണ് മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ തയ്യാറാക്കിയ മലബാർ മാന്വൽ. പ്രധാനമായും വില്യം ലോഗൻ പ്രസ്തുത ഗ്രന്ഥം രചിക്കാനെടുത്ത മൂന്നു വർഷങ്ങളിലെ അദ്ദേഹത്തിന്റെ ജീവിതം ആവിഷ്കരിക്കുന്ന നോവലാണ് കെ. ജെ ബേബിയുടെ ഗുഡ് ബൈ മലബാർ എന്ന നോവൽ. ലോഗന്റെ ഭാര്യ ആനിയുടെ ആഖ്യാനത്തിലൂടെയാണ് സംഘർഷഭരിതമായ ആ കാലഘട്ടം ആവിഷ്കൃതമായിരിക്കുന്നത്. 1887-ൽ മലബാർ മാന്വൽ പ്രസിദ്ധീകരിക്കപ്പെട്ടു. 1888 -ൽ അദ്ദേഹം മലബാറിൽ നിന്ന് മറ്റൊരു തസ്തികയിലേക്ക് സ്ഥലം മാറ്റപ്പെടുകയും രണ്ടു മാസത്തിനകം ജോലി ഉപേക്ഷിച്ച് സ്വദേശമായ സ്കോട്ട് ലണ്ടിലേക്ക് മടങ്ങുകയും ചെയ്തു. ലോഗന്റെ ഔദ്യോഗികജീവിതത്തിന്റെയും ഇന്ത്യൻവാസത്തിന്റെയും അവസാനവർഷങ്ങളിലെഴുതിയ മലബാർ മാന്വൽ, മലബാറിന്റെ ചരിത്രം, ഭൂമിശാസ്ത്രം, സംസ്കാരം, ഭരണം, ആചാരങ്ങൾ, വിശ്വാസങ്ങൾ എന്നിവയെല്ലാം സവിസ്തരം പ്രതിപാദിക്കുന്ന ആധികാരികരേഖയാണ്.

മാന്വൽ രചനയുമായി ബന്ധപ്പെട്ട സന്ദേഹങ്ങളും കൗതുകങ്ങളും അദ്ദേഹം പങ്കുവെച്ചതും മാന്വലിന്റെ ഓരോ പുറവും ആദ്യം വായിക്കാൻ കൊടുത്തതും ആനിക്കാണെന്ന് 'ഗുഡ് ബൈ മലബാറിൽ' പറയുന്നു. നോവലിനാവശ്യമായ ഫിക്ഷന്റെ അംശങ്ങൾ നീക്കി നിർത്തിയാൽ ഗുഡ് ബൈ മലബാറും മലബാർ മാന്വലും പരസ്പരബന്ധിതങ്ങളാണ്. മാന്വലിൽ ലോഗൻ രേഖപ്പെടുത്തുന്ന വസ്തുതകളെ വൈകാരികമായിക്കൂടി പൂർത്തീകരിക്കുകയാണ് ഗുഡ് ബൈ മലബാർ.

ഇന്ത്യ ഗസറ്റിയറും അതതു ജില്ലകളുടെ ചരിത്രവും സംസ്കാരവും ഭൂമിശാസ്ത്രവും ഭരണക്രമവും പ്രതിപാദിക്കുന്ന മാന്വലുകളും തയ്യാറാക്കാനുള്ള ഗവണ്മെന്റ്പദ്ധതിയുടെ ഭാഗമായാണ് അന്നത്തെ മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ മലബാർ മാന്വലിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നത്. 1882 ലെ മലബാർ ടെനൻസി റിപ്പോർട്ട്, മലബാർ കുടിയായ്മ നിയമം സംബന്ധിച്ച റിപ്പോർട്ട്, അട്ടപ്പാടി വാലി കേസുകൾ നടത്താനുള്ള ജോലി തുടങ്ങിയ ഉത്തരവാദിത്വങ്ങളിലൂടെ കടന്നുപോയതു കൊണ്ട് മലബാറിന്റെ ചരിത്രവും സ്വഭാവവും ഭൂമിശാസ്ത്രവും അദ്ദേഹത്തിനു പരിചിതമായിരുന്നു. 1884-ലെ മാപ്പിളലഹളയെക്കുറിച്ചുള്ള റിപ്പോർട്ടിൽ ലഹള, ആ പ്രദേശങ്ങളിലെ കാർഷികപ്രശ്നങ്ങളുമായി ബന്ധപ്പെട്ടതാണെന്ന ലോഗന്റെ നിരീക്ഷണം ഗവണ്മെന്റിനെ അലോസരപ്പെടുത്തിയിരുന്നു. കാർഷികപ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടി ഗവണ്മെന്റിൽ നിന്നുണ്ടാകുമെന്നു ആനിയും ലോഗനും പ്രതീക്ഷിച്ചെങ്കിലും റിപ്പോർട്ടിലെ ആ ഭാഗം പിൻവലിക്കാനാണ് മദ്രാസ് ഗവണ്മെൻറ് ലോഗനോടാവശ്യപ്പെട്ടത്. തുടർന്ന് മാന്വൽ എഴുതുമ്പോൾ ലഹളകൾക്കു പിന്നിലുള്ള കാർഷികപ്രശ്നങ്ങൾ അദ്ദേഹമതിൽ തുറന്നു ചർച്ച ചെയ്തിരുന്നു. 1887-ൽ മലബാർ മാന്വൽ പ്രസിദ്ധീകരിച്ച് ഒരു വർഷത്തിനകം അദ്ദേഹത്തെ സിവിൽ സർവ്വീസിൽ നിന്നു ജൂഡീഷ്യൽ സർവ്വീസിലേക്കു മാറ്റാനുള്ള കാരണം തന്നെ ഇത്തരം തുറന്നെഴുത്തുകളാവാമെന്നു കരുതുന്നു. അതൊരു ശിക്ഷയോ തരംതാഴ്ത്തലോ ആയി കണ്ടതുകൊണ്ടാവാം അദ്ദേഹം രണ്ടുമാസത്തിനകം ജോലി അവസാനിപ്പിച്ച് നാട്ടിലേക്ക് തിരിച്ചു പോയതും. കുടിയാൻ പ്രശ്നങ്ങളോടും അടിയാളരോടും സഹാനുഭൂതിയോടെയുള്ള ഇടപെടലുകൾ നടത്തിയതിന്റെ പേരിൽ സമ്മർദ്ദങ്ങളനുഭവിക്കേണ്ടി വന്ന ലോഗന്റെ വ്യക്തിജീവിതവും ആ സംഘർഷങ്ങളുടെ പങ്കുപറ്റി അദ്ദേഹത്തിനൊപ്പം നിന്ന ആനിയുടെ സമർപ്പണവും സേവനതല്പരതയും ഗുഡ് ബൈ മലബാറിൽ അനാവൃതമാകുന്നു.

മലബാറിലെ ജനങ്ങളെക്കുറിച്ചും ആചാര-വിശ്വാസങ്ങളെക്കുറിച്ചും വില്യം

ലോഗനുണ്ടായിരുന്ന അനുഭവപരിചയം തന്നെയാണ് മലബാർ മാന്വലിനെ വസ്തുനിഷ്ഠമാക്കുന്നത്. മലബാറിലെ കുടിയായ്മ നിയമങ്ങളുടെയും സാമൂഹ്യപരിഷ്കരണത്തിന്റെയും പിതാവെന്നു വിശേഷിപ്പിക്കപ്പെടുന്ന ലോഗന്റെ മാന്വലിൽ ജനങ്ങൾ എന്ന ശീർഷകത്തിൻ കീഴിൽ അദ്ദേഹം മലബാറിന്റെ സാംസ്കാരിക ജീവിതമാകെ വെളിപ്പെടുത്തുന്നുണ്ട്. അക്കാലത്തു നിലനിന്നിരുന്ന അടിമത്തത്തെക്കുറിച്ചും അടിയാളുടെ ജീവിതത്തെക്കുറിച്ചുമുള്ള വിശദാംശങ്ങൾ ഇവിടെയാണു പരാമർശിതമാവുന്നത്. ജാതീയമായ കീഴാളതയെ അല്ല അദ്ദേഹം അടിമത്തം എന്നതുകൊണ്ടു വിവക്ഷിക്കുന്നതെന്നതും ശ്രദ്ധേയമാണ്. അധമ ജാതികൾ എന്ന ഉപശീർഷകത്തിനു താഴെ സെൻസസ് കണക്കുകൾ ഉദ്ധരിക്കുന്നിടത്ത് ലോഗൻ പറയൻ (അടിമ) എന്നു കൃത്യമായി രേഖപ്പെടുത്തുന്നുണ്ട്. തീണ്ടലിനെക്കുറിച്ചു പറയുന്ന ഭാഗത്ത് പുലയൻ (അടിമ) 64 അടി ദൂരമെന്നാണു പറഞ്ഞിരിക്കുന്നത്. ജാതിവ്യവസ്ഥയ്ക്കും അതിന്റെ ഭാഗമായുള്ള വിവേചനങ്ങൾക്കും ഇരകളായ കീഴ്ജാതിക്കാരെക്കാൾ ഇരട്ട ചൂഷണം അനുഭവിക്കുന്നവരാണ് അടിമകൾ എന്നദ്ദേഹം മലബാറിലെ സാമൂഹ്യജീവിതം സൂക്ഷ്മമായി പഠിച്ചതിൽ നിന്നു മനസിലാക്കിയിരുന്നു. 1857 -ലെ സെൻസസ് പ്രകാരം മലബാറിന്റെ വിവിധ താലൂക്കുകളിലെ അടിയാളവിഭാഗങ്ങളുടെ കണക്കും മലബാർ മാന്വലിലുണ്ട്. അവർ എണ്ണത്തിൽ ഒട്ടും കുറവല്ല. കാർഷികവൃത്തിയുടെ നിലനില്പുതന്നെ അടിയാളരുടെ അദ്ധ്വാനത്തിലും ശാരീരികശേഷിയിലുമൂന്നിയതായിരുന്നു. ഏറനാട് താലൂക്കിലും സമീപപ്രദേശങ്ങളിലുമാണ് അടിയാളരിൽ ഭൂരിഭാഗവും വസിച്ചിരുന്നത് എന്ന് ലോഗൻ കണ്ടെത്തുന്നുണ്ട്. ആകെ 1,87812 അടിയാളരുണ്ടായിരുന്നതിൽ 98989 പേർ ഏറനാട്, വള്ളുവനാട്, പൊന്നാനി താലൂക്കുകളിലാണ് അധിവസിച്ചിരുന്നത്. മലബാർ ജില്ലകളിലെ ഏറ്റവും മാപ്പിള ജനസംഖ്യ ഉള്ള ഈ 3 താലൂക്കുകളും മാപ്പിളത്താലൂക്കുകൾ എന്നാണക്കാലത്ത് അറിയപ്പെട്ടിരുന്നത്. ഇസ്ലാം മതത്തിലേക്കുള്ള ഹിന്ദുക്കളുടെ പരിവർത്തനം മുഖ്യമായും ഇവിടങ്ങളിൽ കൂട്ടമായി അധിവസിച്ചിരുന്ന അടിയാള (അടിമ) ജാതിയിൽ നിന്നാണെന്നു വ്യക്തമാവുന്നുണ്ടെന്ന് ലോഗൻ നിരീക്ഷിക്കുന്നത് ഈ പശ്ചാത്തലത്തിലാണ്.

മലബാറിലെ അടിമത്തവ്യവസ്ഥയെക്കുറിച്ചും അതിന്റെ സാമ്പത്തികവും സാംസ്കാരികവുമായ വിവിധവശങ്ങളെക്കുറിച്ചും ലോഗൻ മലബാർമാന്വലിൽ വിശദമായിത്തന്നെ ചർച്ചചെയ്യുന്നു. യൂറോപ്യൻ തോട്ടമുടമകളുടെ ഇടപെടലുകൾ അടിയാളരുടെ മേലുള്ള ഉടമകളുടെ കുത്തകാവകാശത്തിന് അയവു നൽകിയതിനെക്കുറിച്ചും അടിമക്കച്ചവടത്തിനെതിരെ ബ്രിട്ടീഷ് ഭരണകൂടം

രൂപപ്പെടുത്തിയ നിയമങ്ങളെക്കുറിച്ചും അദ്ദേഹം പറയുന്നു. 1792-ൽത്തന്നെ അടിമക്കച്ചവടത്തിനെതിരെ കർശനമായ നിയമങ്ങൾ കമ്പനി ഗവണ്മെന്റ് പുറപ്പെടുവിച്ചിരുന്നു. പക്ഷേ, പിന്നീടും അടിമക്കച്ചവടം മലബാറിൽ വ്യാപകമായി തുടരുകയായിരുന്നു. 1822, 1836, 1839, 1841, 1842 തുടങ്ങിയ വർഷങ്ങളിലൊക്കെ അടിമക്കച്ചവടം ഗവണ്മെന്റിന്റെ സവിശേഷശ്രദ്ധയ്ക്ക് വിഷയമായതിന്റെ രേഖകളുണ്ട്. 1841-ൽ കോഴിക്കോട് ജഡ്ജി ഇ. ബി. തോമസ് ശക്തമായ ഭാഷയിൽ അടിമക്കച്ചവടത്തെക്കുറിച്ച് എഴുതിയതിനെപ്പറ്റി മാന്വലിൽ ഇങ്ങനെ കാണാം.

> “മി. തോമസ് നൽകിയ വിവരമനുസരിച്ച്, ചില താലൂക്കുകളിൽ അടിമകളെ ഉല്പാദിപ്പിക്കാൻ കഴിവുള്ള അടിമസ്ത്രീക്ക് വില കൂടുതലാണ്. പത്തു വയസിനു കീഴിലുള്ള ആൺകുട്ടിക്ക് ശരാശരി 3 രൂപ 8 അണ വില കിട്ടും. പെൺകുട്ടിക്ക് വില ഇതിൽ അല്പം കുറയും. 1842 ആഗസ്റ്റ് 24-ന് മി. തോമസ് എഴുതിയ രണ്ടാമത്തെ എഴുത്തിൽ അടിമകളുടെ എണ്ണം 1835-ലെ കാനേഷുമാരിയിൽ 1,44,000 ആയിരുന്നത് 1842-ൽ 159,000 ആയി വർദ്ധിച്ചുവെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അടിമവ്യവസ്ഥ മലബാറിൽ ക്രമപ്രവൃദ്ധമായി അപ്രത്യക്ഷമായി വരികയാണെന്നു കരുതാൻ വഴികാണുന്നില്ലെന്നും അദ്ദേഹം പറയുന്നു.” (വില്യം ലോഗൻ :119:2010)

ഇ. ബി. തോമസിന്റെ ഈ എഴുത്തുകളാണ് അടിമസമ്പ്രദായം അവസാനിപ്പിക്കുന്നതിനുള്ള നിയമനിർമ്മാണത്തിലേക്ക് ഗവണ്മെന്റിനെ നയിച്ചത്. 1843-ൽ അടിമവ്യവസ്ഥ നിരോധിച്ചു കൊണ്ടുള്ള നിയമം പാസാക്കപ്പെട്ടു. കോഴിക്കോട് കളക്ടറായിരുന്ന മി. കൊനോലി അതിലെ നിയമങ്ങൾക്ക് മലബാറിലെങ്ങും വ്യാപകമായ പ്രചാരം നൽകി. പക്ഷേ അടിമക്കച്ചവടം പൂർണമായി ഇല്ലാതായില്ല എന്ന വസ്തുതയും ലോഗൻ മാന്വലിൽ പ്രതിപാദിക്കുന്നുണ്ട്.

മലബാറിന്റെ ചരിത്രവും ഭരണവും നികുതിഘടനയും രേഖപ്പെടുത്തുന്ന ഔദ്യോഗികരചനയായിരുന്നു വില്യം ലോഗൻ നടത്തിയത്. അതിലെ കണക്കുകൾക്കും തെളിവുകൾക്കും ആധികാരികതയും വസ്തുനിഷ്ഠതയുമാണധികം. പക്ഷേ ജനജീവിതം അതിലെ പ്രധാനപ്പെട്ട പ്രതിപാദ്യവിഷയമായതുകൊണ്ടുതന്നെ അക്കാലത്തെ ജീവിതത്തിന്റെ സ്പന്ദനങ്ങൾ അവയിൽ മൃദുവായി അനുഭവപ്പെടാതിരിക്കുന്നുമില്ല. അടിമത്തത്തെക്കുറിച്ചും കീഴാളജീവിതത്തെക്കുറിച്ചുമൊക്കെ അലിവോടെയും മനുഷ്യത്വത്തോടെയുമാണ് മലബാർ മാന്വൽ സംസാരിക്കുന്നത്. കേവലമായ ചരിത്രരേഖകളെന്നതിനപ്പുറം മാന്വലിന്റെ സാമൂഹികപ്രസക്തി ഇക്കാര്യത്തിൽക്കൂടി ഊന്നിയിട്ടുള്ളതാണ്. ‘ഗുഡ് ബൈ

മലബാറി' ലാകട്ടെ ഇത്തരം വസ്തുനിഷ്ഠമായ വിവരങ്ങളുടെ വൈകാരിക പ്രതികരണങ്ങളാണ് കാണാനാവുക. അടിമത്തവ്യവസ്ഥിതിയുടെ ഇരകളായിരുന്ന വലിയൊരു വിഭാഗം ജനതയോടുള്ള ലോഗന്റെയും ആനിയുടെയും സഹാനുഭൂതി കലർന്ന മനോഭാവമാണ് ഗുഡ് ബൈ മലബാറിന്റെ കാതൽ. ജനപക്ഷത്തുനിന്ന് പ്രശ്നങ്ങളെ വിലയിരുത്തുന്ന ലോഗന്റെ സമീപനങ്ങളെ പൂർണതയിലേക്കെത്തിക്കുകയാണ് ആനിയുടെ ഇടപെടലുകൾ . ആനിബസന്റ്, കാറൽ മാർക്സ് തുടങ്ങിയ വ്യക്തികളുടെ സാന്നിദ്ധ്യം ആനിയുടെ ചിന്തകളെയും കാഴ്ചകളെയും നിർണായകമായി സ്വാധീനിക്കുന്നതും പ്രധാനമാണ്. മലബാറിലെ ജീവിതകാലം ആനി കളക്ടറുടെ ഭാര്യ എന്ന അധികാര പദവിയിൽ ആഘോഷിക്കുകയല്ല, നിരന്തരമായ സാമൂഹ്യസേവനത്തിലൂടെ, ലോഗന്റെ ഔദ്യോഗികജീവിതത്തിനും എഴുത്തിനും പിന്തുണയാവുന്ന ക്രിയാത്മക ഇടപെടലുകളിലൂടെ സമ്പന്നമാക്കുകയാണ് ചെയ്യുന്നത്. മാന്വലിന്റെ ആദ്യ വായനക്കാരി എന്ന നിലയിൽ ആനിയുടെ കാഴ്ചകളും ചിന്തകളും മലബാറിലെ അടിമത്തവ്യവസ്ഥയിൽ ആഴത്തിൽ പതിയുന്നുണ്ട്. തുല്യത, സമഭാവന ഇവയെ സ്വന്തം ജീവിതത്തിലും പ്രായോഗികമാക്കുന്നവളാണ് ആനിയെന്നതിന് നോവലിലുടനീളം സൂചനകളുണ്ട്. വ്യവസ്ഥകളോട് കലഹിക്കുന്നു പലപ്പോഴും അവൾ.

> "അടിമപ്പണികൾ ഇപ്പോഴും തുടരുകയാണ്. ചെറുമർ അടിമകളാക്കപ്പെട്ടവരിൽ ഒരു കൂട്ടർ മാത്രമാണ്. അതേപോലെ വേറെയും ജാതികളിൽ പെട്ട അടിമക്കൂട്ടങ്ങളുണ്ടത്രേ. ഓരോരുത്തർക്കും അവരവരുടെ ഭാഷകളും വേഷങ്ങളും ആചാരാനുഷ്ഠാനങ്ങളും ഉള്ളവരാണ്. അവർ തമ്മിലും അവരിൽ മുന്തിയവർ, താഴ്ന്നവർ എന്ന ജാതിവ്യത്യാസങ്ങൾ ഉള്ളവരാണ്. " (കെ. ജെ. ബേബി: 108: 2020)

ചെറുമരെപ്പറ്റിയുള്ള ലോഗന്റെ കുറിപ്പുകൾ വായിക്കുമ്പോൾ ആനി കൊനോലിയുടെ ഭാര്യ അന്നെയ്ക്ക് കത്തെഴുതാൻ ആലോചിക്കുന്നു. കൊനോലി കോഴിക്കോട് കലക്ടറായിരുന്നപ്പോൾ അടിമക്കച്ചവടം നിർത്തുന്നതിനും പൊതുവഴിയെ താഴ്ന്ന ജാതിക്കാർക്കു നടക്കാൻ അനുമതി നൽകുന്നതിനുമുള്ള നിയമങ്ങൾ നടപ്പിലാക്കാൻ ശ്രമിച്ചിരുന്നു. അന്നെയുമായി ആനിക്കുള്ളത് തീവ്രമായ സൗഹൃദമാണ്. സമൂഹത്തിലെ ജാതീയമായ മേധാവിത്തവും വിവേചനവും ഇല്ലാതാക്കണമെന്ന സമത്വവീക്ഷണമാണ് അടിമത്തവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ആനി പ്രകടിപ്പിക്കുന്നത്. ആ ജനാധിപത്യ ബോധവും മൂല്യചിന്തയും അവളുടെ വ്യക്തിത്വത്തിന്റെ ഭാഗമാണു താനും.

തുല്യത ഒരു സാമൂഹികപ്രയോഗമാക്കാനുള്ള ആനിയുടെ അഭിലാഷത്തിൽ, ജാതീയതയാകുന്ന മർദ്ദനശക്തിയുടെ പീഡകളനുഭവിക്കുന്ന അടിമകളുടെ വിമോചനത്തിനു വേണ്ടിയുള്ള വ്യഗ്രതയിൽ തീർച്ചയായും വൈരുദ്ധ്യമുണ്ട്. പക്ഷേ നോവലിസ്റ്റ് അതിസൂക്ഷ്മതയോടെയാണ് ആനിയുടെ വ്യക്തിത്വത്തെ രൂപപ്പെടുത്തിയിരിക്കുന്നത്. സമഭാവന അവളുടെ ആദർശവും ദർശനവുമാണെന്നു വെളിപ്പെടുമ്പോൾ ഈ വൈരുദ്ധ്യം മാഞ്ഞുപോവുകയും തികച്ചും സ്വാഭാവികമാവുകയും ചെയ്യുന്നു. വരേണ്യവർഗ്ഗത്തിനിടയിൽ നിലനിൽക്കുന്ന പ്രത്യയശാസ്ത്രപരമായ ഐക്യത്തിലൂടെ രൂപപ്പെടുന്ന അധീശത്വം, സാമാന്യജനങ്ങളോടും പൊതുസമൂഹത്തോടുമുള്ള വിപ്രതിപത്തി, അകൽച്ച തുടങ്ങി അധികാരവർഗ്ഗത്തിന്റെ പ്രവണതകളോട് കൃത്യമായ വിച്ഛേദം പുലർത്തുന്നവരാണ് ഗുഡ് ബൈ മലബാറിലെ കഥാപാത്രങ്ങളെല്ലാം. അസാധാരണമാംവിധം സാമൂഹ്യപ്രതിബദ്ധത കൂടിയുള്ളവരാണവർ. അധീശവർഗ്ഗത്തിന്റെ പ്രതിനിധികളായിരുന്നു കൊണ്ടുതന്നെ വിധേയരോട് പൊരുത്തപ്പെടുകയെന്ന സമീപനത്തിലെ വൈരുദ്ധ്യത്തെ സമീകരിക്കാനും അവർക്കു കഴിയുന്നു.

ആനി അന്നെ ആന്റിക്കെഴുതുന്ന കത്ത് ഇങ്ങനെയാണ്:

> "അടിമകൾ ഇപ്പോഴും ഉടമകളുടെ സ്വത്തുക്കൾ തന്നെയാണ്. പൊതുവഴികളിൽ അവരിപ്പോഴും പ്രത്യക്ഷപ്പെടാറില്ല . ഇന്ത്യൻ പീനൽ കോഡിലെ 370, 371 വകുപ്പുകൾ പ്രകാരം അടിമകളെ ക്രയവിക്രയം ചെയ്യുന്നത് കുറ്റകരമാണ്, പക്ഷേ സംഭവങ്ങൾ എല്ലാം പഴയതുപോലെ തുടരുന്നു. ഏട്ടിലെ പശു പുല്ലു തിന്നുകയില്ലല്ലോ–ലോഗൻ ഒരു പടികൂടി കടന്ന് അടിമകളെ സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ ഗവണ്മെന്റിനു സമർപ്പിച്ചിരിക്കുകയാണ്. അടിമകൾക്ക് കുടികിടപ്പായി ഇപ്പോഴുള്ള സ്ഥലങ്ങളിൽ സ്ഥിരാവകാശം കൊടുക്കുക, അടിമകളെ കുടികിടപ്പവകാശികളാക്കുക. ഇത്തരം നിയമനിർമ്മാണങ്ങൾ ഉണ്ടാകാത്തിടത്തോളം കാലം അടിമവ്യവസ്ഥയിൽ നിന്നു വ്യത്യസ്തമായിട്ടുള്ള സ്വാതന്ത്ര്യത്തിന്റെ അർത്ഥം അടിമകൾക്കു മനസിലാവുകയില്ലത്രേ. . ഗവൺമെന്റിൽ നിന്ന് ഇങ്ങനെ എന്തെങ്കിലുമുണ്ടാകുമെന്ന് ആന്റി കരുതുന്നുണ്ടോ? ... ഉന്നതാധികാരകേന്ദ്രങ്ങളിൽ ഒരാൾക്കെങ്കിലും ഇതു മനസ്സിലായാൽ ബാക്കി അവരു ശ്രമിച്ചോളും. അല്ലെങ്കിൽ അടുത്തവര്." (അതേ പുസ്തകം: 110)

കുട്ടികളെ അടിമകളാക്കാനായി പിടിച്ചുകൊണ്ടുപോയിരുന്ന സമ്പ്രദായത്തെക്കുറിച്ചും അതിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ചും നോവലിൽ ചർച്ചകൾ ഉണ്ടാവുന്നുണ്ട്.

2420 കുട്ടികളെ ഇത്തരത്തിൽ മലബാറിൽ നിന്നു നഷ്ടപ്പെട്ടതിനെക്കുറിച്ചും കുട്ടികളെ കവരുന്നതു തടയാൻ പോലീസ് മേധാവിയുടെ സഹായം തേടുന്നതിനെക്കുറിച്ചും പറയുന്നതിനൊപ്പം ഇത്തരത്തിൽ കുഞ്ഞ് നഷ്ടപ്പെട്ടതോടെ മനോനില തകരാറിലായ ഒരു ഉമ്മയെ ആനി സ്വന്തം വീട്ടിലേക്കു കൊണ്ടുവന്ന് പരിചരിക്കുന്ന കഥകൂടി കൂട്ടിച്ചേർത്തിരിക്കുന്നു. കുട്ടികളെ കവർന്നുകൊണ്ടുപോയി അടിമകളാക്കുന്നതിനെപ്പറ്റി മലബാർ മാന്വലിൽ പറയുന്നുണ്ട്. പക്ഷേ ഉമ്മയുമായുള്ള ആത്മബന്ധവും അവർക്കു നൽകുന്ന മാനസിക പിന്തുണയും നോവലിലെ വൈകാരികംശങ്ങളാണ്. അടിമയുടമ വ്യത്യാസമില്ലാതെ മലബാറിലെ എല്ലാ കുഞ്ഞുങ്ങൾക്കും വിദ്യാഭ്യാസം നൽകുകയെന്നതാണ് ലോഗനും ആനിയും കണ്ട വേറൊരു സ്വപ്നം.

ചരിത്രപാഠത്തിൽ നിന്ന്, ഔദ്യോഗികാഖ്യാനങ്ങളിൽ നിന്ന് സാമൂഹിക യാഥാർത്ഥ്യങ്ങളെയും സംസ്കാരത്തെയും ജീവിതത്തെയും വീണ്ടെടുക്കാനുള്ള ശ്രമമാണ് ഗുഡ് ബൈ മലബാർ നടത്തുന്നത്. ചരിത്രവൽക്കരിക്കപ്പെട്ട ജീവിതങ്ങൾ, അനുഭവങ്ങൾ അതിനുള്ളിലടങ്ങിയിരിക്കുന്ന അധീശത്വത്തിന്റെ രാഷ്ട്രീയത്തെക്കൂടി വെളിപ്പെടുത്താതിരിക്കുന്നില്ല. അടിമത്തം എന്ന സാമൂഹികാവസ്ഥയുടെ (കൂടി ) യഥാതഥമായ വസ്തുതകൾ രേഖപ്പെടുത്തിയ രചനയാണ് മലബാർ മാന്വൽ. ആ ഔദ്യോഗികരേഖയുടെ അനുഭവതലത്തിലൂന്നിയ വൈകാരിക വ്യാഖ്യാനമാണ് ഗുഡ് ബൈ മലബാർ. സർഗ്ഗാത്മകമായ ഇടപെടലുകൾക്കവസരങ്ങളുള്ളത്. അടിമത്തമടക്കമുള്ള സാമൂഹികാനീതികളെ പ്രശ്നവൽക്കരിക്കുന്നത്. പാഠത്തെ അഥവാ ചരിത്രത്തെയും അതിന്റെ ക്രിയാത്മക വ്യാഖ്യാനമായ നോവലിനെയും വിശകലനം ചെയ്യുന്നതിലൂടെ യാഥാർത്ഥ്യങ്ങൾ വീണ്ടെടുക്കപ്പെടുന്നു. ചരിത്രത്തിനു പുറത്തായവരുടെ ചരിത്രം രേഖപ്പെടുത്തപ്പെടുന്നു.

## ആധാരസൂചി

1. കൃഷ്ണൻ ടി.വി. (വിവ.), മലബാർ മാന്വൽ, മാതൃഭൂമി ബുക്സ്, 2010.
2. ബാലകൃഷ്ണൻ പി.കെ., ജാതിവ്യവസ്ഥയും കേരളചരിത്രവും, ഡി. സി ബുക്സ്, കോട്ടയം, 2010.
3. ബേബി കെ.ജെ., ഗുഡ് ബൈ മലബാർ, ഡി.സി. ബുക്സ്, കോട്ടയം, 2020.
4. വിനിൽ പോൾ, അടിമത്തം (Learner's Hand book on Theoretical Terms, Ed. Dileep R).
5. വേലായുധൻ പണിക്കശ്ശേരി, സഞ്ചാരികൾ കണ്ട കേരളം, കറന്റ്ബുക്സ്, കോട്ടയം, 2012.

6. Mohan P Sanal, Modernity and Slavery Struggles against Cast Inequality in Colonial Kerala, 2015.

*jisa.silvia@gmail.com*